"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കു ടാബ് വാങ്ങുന്നതിന് വായ്പ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.169/2025/LSGD തീയതി,തിരുവനന്തപുരം, 18-01-2025

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 തീയതിയിലെ ഡി.പി.524/23 നമ്പർ കത്ത്.
2. 03.07.2023-തീയതിയിൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ 4.28 തീരുമാനം.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.12.2024 തീയതിയിലെ LSGD/PD/71156/2023 -DPLC5 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങളും മറ്റ് ഓഫീസ് വിവരങ്ങളും കടലാസ് രഹിതമാക്കുന്നതിലേക്കായി ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജനപ്രതിനിധികൾക്ക് ടാബ് വാങ്ങി നൽകുന്നതിനു അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം എടുക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കു ടാബ് വാങ്ങുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഡിവിഷൻ മെമ്പർമാരുടെ കാലാവധിക്കകം ഹോണറേറിയത്തിൽ നിന്നും ഈടാക്കാനാവുന്ന വിധം, എന്നാൽ 50% ൽ കവിയാത്ത വിധം ഗഡുക്കൾ നിശ്ചയിച്ച് വായ്പ അനുവദിക്കുന്നതിനും, വായ്പ ഉപയോഗിച്ച് ടാബ് വാങ്ങി എന്നുറപ്പ് വരുത്തേണ്ടതാണ് എന്നുമുള്ള വ്യവസ്ഥയിൽ എല്ലാ അംഗങ്ങൾക്കും ടാബ് വാങ്ങുന്നതിന് വായ്പ അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, ആലപ്പുഴ ജില്ലാ പഞ്ചായത്ത്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/104/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
സെക്ഷൻ ഓഫീസർ
Date: 18-01-2025 13:24:41

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ് ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.

സ്പെഷ്യൽ സെക്രട്ടറിയുടെ പിഎ യ്ക്ക്.